കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 1984-85 വർഷത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സ്ഥലംമാറ്റ ഉത്തരവ്

1448. [2051] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ്സ്റ്റിട്യൂട്ടിനെ നിയമിച്ചിട്ടില്ലാത്തതിനാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 1984-85 വർഷത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലംമാറ്റ ഉത്തരവ് നടപ്പിലാക്കാതെയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതുത്തരവാണെന്നും അതിന്റെ നമ്പരും തീയതിയും എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ഗവൺമെന്റ് ട്രെയിനിംഗ് കോളേജിലെ എഡ്യൂക്കേഷണൽ സൈക്കോളജി ലക്ചററായ ശ്രീമതി പി. എം. സരളയെ തൃശ്ശൂർ ഗവൺമെന്റ് ട്രെയിനിംഗ് കോളേജിലേക്ക് സ്ഥലം മാറ്റിക്കൊണ്ട് 31-5-1985-ൽ ബി2/23232/84-ാം നമ്പരായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ്.

ലക്ചറർമാരുടെ സ്ഥലംമാറ്റ ഉത്തരവുകൾ

1449. [2052] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85 വർഷത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചവയും, ഇതുവരെയും പ്രാബല്യത്തിൽ വരാത്തതുമായ, ലക്ചറർമാരുടെ സ്ഥലംമാറ്റ ഉത്തരവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ നടപ്പിലാക്കാതിരിക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷണം നടത്തുമോ ;

(സി) സർക്കാരിൽനിന്നോ, കോടതിയിൽനിന്നോ എന്തെങ്കിലും നിർദ്ദേശം ഈ ഉത്തരവുകൾ പ്രാബല്യത്തിൽ വരുത്താതിരിക്കുന്നതിന് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ, അതിന്റെ നമ്പരും തീയതിയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) അന്വേഷണത്തിന്റെ ആവശ്യമില്ല. കാരണം പകരം ആളെ പോസ്റ്റ് ചെയ്യാത്തതുകൊണ്ടാണ് മേൽ സൂചിപ്പിച്ച ഉത്തരവ് നടപ്പിൽ വരാത്തത്. പകരം ആളെ നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. സ്പെഷ്യൽ റൂളിലെ ചില നിബന്ധനകളെപ്പറ്റി വിശദീകരണം വേണ്ടിവന്നതുകൊണ്ടാണ് പകരം ആളെ നിയമിക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടായത്.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly